**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പുനർവിന്യാസം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2645/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 16.10.2018.**

---

പരാമർശം: 1) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 26.06.2018-ലെ കെ3-1599/17/ജീ.കാ. നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 04.10.2018-ലെ പി.എ.എൻ/21103/2018-ഇ9(ഡിപി) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന മലപ്പുറം ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീ.മുഹമ്മദ് ബഷീറിന്റെയും കാറളം ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി രശ്മി കെ.ആർ.-ന്റെയും പുനർവിന്യാസ കാലാവധി പൂർത്തിയായതിനാൽ ടി ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ അയക്കണമെന്ന് പരാമർശം (1) പ്രകാരം മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടുകയുണ്ടായി.

2. മലപ്പുറം ജില്ലാപഞ്ചായത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ.മുഹമ്മദ് ബഷീറിന്റെയും കാറളം ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി രശ്മി കെ.ആർ.-ന്റെയും പേരിൽ വിജിലൻസ് അന്വേഷണങ്ങളൊ മറ്റ് നടപടി ക്രമങ്ങളൊയില്ലായെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിൽ നിന്നും മലപ്പുറം ജില്ലാപഞ്ചായത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ.മുഹമ്മദ് ബഷീറിനെയും കാറളം ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി രശ്മി കെ.ആർ.-നെയും മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാപഞ്ചായത്ത്, മലപ്പുറം.
സെക്രട്ടറി, ഗ്രാമപഞ്ചായത്ത്, കാറളം, തൃശ്ശൂർ.
ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ മേധാവി മുഖേന).
മൃഗസംരക്ഷണ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ